**SET-4**

**Series BVM/C**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **7** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്ത് കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **4** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിന് മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 ന് ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 100*

*Time allowed : 3 hours* — *Maximum Marks : 100*



collegedunia
India's largest Student Review Platform

1. (a) ഉപമ, ഉൽപ്രേക്ഷ ഇവയുടെ ലക്ഷണവും ഉദാഹരണവുമെഴുതി സാദൃശ്യവൈസാദൃശ്യങ്ങൾ ചൂണ്ടിക്കാണിക്കുക. *8*

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ ലക്ഷ്യലക്ഷണസമന്വയംചെയ്ത് ധർമ്മ്യുൽപ്രേക്ഷ, ഫലോൽപ്രേക്ഷ എന്നിവ ഉദാഹരണസഹിതം വിവരിക്കുക.

(b) ഉൽപ്രേക്ഷ എന്നാൽ എന്ത് ? മൂന്ന് വിഭാഗങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക. *7*

**അല്ലെങ്കിൽ**

ഉപമ എന്തെന്ന് വിവരിച്ച് ലുപ്തോപമ, മാലോപമ എന്നിവ ഉദാഹരണസഹിതം വിവരിക്കുക.

2. (a) വിദ്യാലയങ്ങളിൽ രാഷ്ട്രീയം അനിവാര്യമോ ? ഈ വിഷയത്തെ അടിസ്ഥാനമാക്കി നടന്ന ചർച്ചയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക. *7*

**അല്ലെങ്കിൽ**

'ജലരക്ഷ-ജീവരക്ഷ' ഈ വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് സജ്ജമാക്കുക.

(b) പ്രകൃതിദുരന്തങ്ങൾ നമ്മെ പഠിപ്പിച്ച പാഠങ്ങളെ നാമിന്ന് അവഗണിച്ചുതുടങ്ങിയോ ? ആശങ്ക പങ്കുവച്ചുകൊണ്ട് പത്രാധിപർക്ക് കത്തെഴുതുക. *8*

**അല്ലെങ്കിൽ**

വൃദ്ധജനപരിപാലനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രമുഖപത്രത്തിലേക്ക് കത്ത് തയ്യാറാക്കുക.


collegedunia.com India's largest Student Review Platform

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പുരോഗതിയുടെ ഫലമായി രൂപം പ്രാപിച്ച വൻ നഗരങ്ങൾ ഇന്ന് നരകങ്ങളായി മാറിക്കൊണ്ടിരിക്കയാണ് മോട്ടോർ വാഹനങ്ങളിൽനിന്നും വ്യവസായശാലകളിൽനിന്നും മറ്റും പുറത്തുവരുന്ന പുക അന്തരീക്ഷവായുവിനെ വിഷമയമാക്കിത്തീർക്കുന്നു. നഗരവാസികൾക്ക് ശ്വസിക്കാൻ ശുദ്ധവായു ലഭ്യമല്ല. അത് കാരണം ശ്വാസകോശരോഗങ്ങളും മറ്റ് ആരോഗ്യപ്രശ്നങ്ങളുമായി ഡോക്ടർമാരേയും ആശുപത്രികളേയും ഇടയ്ക്കിടയ്ക്ക് ശരണം പ്രാപിക്കേണ്ട അവസ്ഥയിലാണ് അധികം പേരും. മിക്കവാറും നഗരങ്ങളിൽ ശുചീകരണം ഒരു കീറാമുട്ടിയാണ്. അഴുക്കുജലവും ചപ്പുചവറുകളും നീക്കംചെയ്യാൻ പര്യാപ്തമായ സംവിധാനങ്ങൾ പല സ്ഥലങ്ങളിലുമില്ല. നഗരങ്ങളെ തഴുകിയൊഴുകുന്ന നദികളും കനാലുകളും ഓടജലം ഒഴുക്കിവിടാനും ചപ്പുചവറുകൾ നിക്ഷേപിക്കാനും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ശാസ്ത്രത്തിന്റെ സംഭാവനകളായ രാസവളങ്ങളും കീടനാശിനികളും കാർഷികമേഖലയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ചില്ലറയല്ല. കൃഷിയിടങ്ങളിൽ നിന്ന് അവ നദികളിലേയും



collegedunia India's largest Student Review Platform

കായലുകളിലേയും ജലത്തിലെത്തിച്ചേരുന്നു. രാസവളങ്ങൾ മണ്ണിനെ നശിപ്പിക്കുന്നു; നദികളിലെ ശുദ്ധജലം മലിനമാക്കുന്നു; നദികളിലും കായലുകളിലും മത്സ്യങ്ങൾക്ക് ജീവനാശം ഉണ്ടാക്കുന്നു. കടൽത്തീരത്തുള്ള നഗരങ്ങൾ എല്ലാ വൃത്തികേടുകളും കടലിലേക്ക് തള്ളുന്നു; കടൽത്തീരങ്ങൾ മലീമസമാകുന്നു, മത്സ്യസമ്പത്ത് ക്ഷയിക്കുന്നു. ഇപ്പറഞ്ഞ പ്രത്യാഘാതങ്ങൾ കണക്കിലെടുക്കാതെയായിരുന്നു ശാസ്ത്രത്തിന്റെ നേട്ടങ്ങളും സാങ്കേതികജ്ഞാനവും മനുഷ്യർ തങ്ങളുടെ സുഖസൗകര്യങ്ങൾ വർധിപ്പിക്കാൻ ഉപയോഗിച്ചുവന്നിരുന്നത്.

**ചോദ്യങ്ങൾ :**

(a) ശാസ്ത്രപുരോഗതി കാർഷികമേഖലയിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ എന്തെല്ലാം ? *2*

(b) എന്തുകൊണ്ടാണ് കടലും നദികളും മറ്റും മലീമസമായിത്തീർന്നത് ? *2*

(c) നഗരങ്ങളിലെ ശുചീകരണ സംവിധാനത്തിന്റെ അവസ്ഥ എന്താണ് ? *2*

(d) വൻ നഗരങ്ങൾ ഇന്ന് നരകങ്ങളായി മാറിക്കൊണ്ടിരി-ക്കുന്നുവെന്ന് പറയുന്നതെന്തുകൊണ്ട് ? *2*

(e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. *2*



collegedunia.com
India's largest Student Review Platform

**4.** (a) താഴെ കൊടുത്തിട്ടുള്ളവയിൽ **ഏതെങ്കിലും ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×6=30*

(i) കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് ഭാവനാത്മകമായ ജീവിതം കരുപ്പിടിപ്പിക്കുന്നതിൽ മാതാപിതാക്കൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഈ അഭിപ്രായം പരിശോധിക്കുക.

(ii) 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ 'ഫോട്ടോ' എന്ന വസ്തുവിനെ ദിവാകരൻ, കുട്ടികൾ എന്നീ കഥാപാത്രങ്ങൾ സമീപിക്കുന്ന രീതിയിലല്ല കച്ചവടക്കാർ സമീപിക്കുന്നത്. ഈ അഭിപ്രായം എത്രത്തോളം ശരിയാണെന്ന് വിചിന്തനം ചെയ്യുക.

(iii) 'അഗ്നിവർണന്റെ കാലുകൾ' പൗരാണികമായ കഥാംശം ആണെങ്കിലും ഏതുകാലത്തും പ്രസക്തമായ പ്രമേയമാണ് അത് ഉൾക്കൊള്ളുന്നത് എന്ന് അഭിപ്രായപ്പെടാൻ കാരണമെന്തെന്ന് പാഠത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

(iv) ഒരു വിദ്യാർത്ഥി എന്ന നിലയിൽ, കലാമണ്ഡലം ഹൈദരലിയുടെ ജീവിതം നിങ്ങൾക്ക് നൽകുന്ന പാഠം എന്തെന്ന് വിശദമാക്കുക.

(v) വിനോദത്തിനൊപ്പം സംസ്കാരത്തെയും അടയാളപ്പെടുത്തുന്നവയായിരുന്നു പുലിക്കോട്ടിൽ ഹൈദറിന്റെ മാപ്പിളപ്പാട്ടുകൾ. ഈ പ്രസ്താവന ഉദാഹരണസഹിതം സമർത്ഥിക്കുക.


collegedunia.com India's largest Student Review Platform

(vi) ‘ഗൗളിജന്മം’ എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

(vii) “അന്നും ആ പ്രദേശത്ത് കാവൽനിൽക്കുന്ന നമ്മുടെ ജവാന്മാരെയല്ലേ ദേവന്മാരേക്കാൾ കൂടുതൽ ആദരിക്കേണ്ടത്.” സന്ദർഭം പറഞ്ഞ് ആശയം വിശദമാക്കുക.

(viii) സാമൂഹികമാധ്യമങ്ങൾ പരമ്പരാഗത മാധ്യമങ്ങളേക്കാൾ വേഗത്തിൽ മുന്നേറാനുള്ള കാരണങ്ങൾ എന്തെല്ലാം ?

(b) താഴെ കൊടുത്തിട്ടുള്ളവയിൽ **ഏതെങ്കിലും നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×4=20*

(i) “കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ.” സന്ദർഭത്തിന് മിഴിവേകുന്നതിൽ എത്രത്തോളം അനുയോജ്യമാണ് ഈ ലോകോക്തി എന്ന് പരിശോധിക്കുക.

(ii) ഒരു തരത്തിലും ആശ്വസിക്കാൻ കഴിയാത്ത ദുർവിധിയാൽ ചൂഴപ്പെട്ട ആദിമമനുഷ്യന്റെ തപ്തമായ ജീവിതത്തെയാണ് ‘കിരാതവൃത്ത’ത്തിൽ കവി അക്ഷരങ്ങളിലൂടെ കോറിയിട്ടിരിക്കുന്നത്. ഈ അഭിപ്രായം സമർത്ഥിക്കുക.

(iii) ഋതുപർണ്ണരാജാവിനൊപ്പം വന്ന ബാഹുകൻ നളൻ തന്നെയെന്ന നിഗമനത്തിൽ ദമയന്തി എത്തിച്ചേരാനുണ്ടായ കാരണങ്ങൾ പാഠത്തെ അപഗ്രഥിച്ച് ക്രോഡീകരിക്കുക.



collegedunia.com India's largest Student Review Platform

(iv) 'മോഷണം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

(v) 'കിരാതവൃത്തം' എന്ന പാഠത്തിൽ തെളിയുന്ന കാട്ടാളന്റെ ആത്മസംഘർഷം വിശദമാക്കുക.

(vi) ദുഷ്യന്തന്റെ നിന്ദാവാണികൾക്ക് കുലീനത തെല്ലും കൈമോശം വരാതെ ശകുന്തള വാക്കുകൾ കൊണ്ട് ആഞ്ഞടിക്കുന്നത് എപ്രകാരം ?

(c) താഴെ കൊടുത്തിട്ടുള്ളവയിൽ **ഏതെങ്കിലും ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക : *10×1=10*

(i) എം.ടി. യുടെ അമ്മ ഏവരേയും സമഭാവനയോടെ കണ്ടിരുന്ന വ്യക്തിയായിരുന്നു എന്ന് പാഠ്യഗ്രന്ഥത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

(ii) നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്ന കല, സംസ്കാരം, ജീവിതമൂല്യങ്ങൾ ഇവയെക്കുറിച്ചുള്ള എം.ടി. യുടെ ചിന്തകൾ വിശദമാക്കുക.



collegedunia.com
India's largest Student Review Platform